II ഇ.ബി. XIII- കേരള നിയമസഭ/IX-1

# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

## ചോദ്യോത്തരങ്ങൾ – സംഗ്രഹം

## 2013 ജൂൺ 10, തിങ്കൾ

പതിമൂന്നാം കേരള നിയമസഭയുടെ ഒമ്പതാം സമ്മേളനം 2013 ജൂൺ മാസം 10–ാം തീയതി തിങ്കളാഴ്ച രാവിലെ 8.30–ന് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പരിനെ സൂചിപ്പിക്കുന്നു.)

1 (*1) <u>പൊതുഭരണത്തിന്റെ നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ</u>

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുഭരണത്തിന്റെ നിലവാരവും കാര്യക്ഷമതയും ഉയർത്തുന്നതിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങൾ കൃത്യമായും സമയബന്ധിതമായും ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് സർക്കാർ വകുപ്പുകളും മറ്റ് സ്ഥാപനങ്ങളും മുഖാന്തിരം 01–11–2012 മുതൽ 'കേരള സേവനാവകാശ നിയമം 2012' നടപ്പിലാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സർക്കാർ വകുപ്പുകളും സ്വയംഭരണ സ്ഥാപനങ്ങളും മറ്റ് സർക്കാർ നിയന്ത്രണ സ്ഥാപനങ്ങളും അതാത് വകുപ്പ്/ഓഫീസ് മുഖേന

പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങളും അവ നേടിയെടുക്കുന്നതിനുള്ള നടപടിക്രമങ്ങളും പ്രതിപാദിക്കുന്ന പൗരാവകാശരേഖ ഓഫീസുകളുടെ മുമ്പിൽ എഴുതി പ്രദർശിപ്പിക്കണമെന്നും വെബ്സൈറ്റിലൂടെയും അല്ലാതെയും പ്രസിദ്ധീകരിക്കണമെന്നും നിർദ്ദേശം നൽകുകയും അത് നടപ്പാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാർക്കും സർക്കുലർ മുഖേന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനോടകം 56 ഡിപ്പാർട്ടുമെന്റുകളിലും സ്ഥാപനങ്ങളിലുമായി സേവനാവകാശ നിയമം നടപ്പിലാക്കിക്കൊണ്ട് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളേയും സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. '100 ദിന പ്രോഗ്രാമിൽ' ഉൾപ്പെടുത്തി 2011 ജൂലായ് മാസം മുതൽ ആഗസ്റ്റ് മാസം വരെ 'തീവ്ര ഫയൽ തീർപ്പാക്കൽ പദ്ധതി'യിലൂടെ കെട്ടിക്കിടന്ന ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ, നിലവിലുള്ള രീതികൾ കാലോചിതമായി പരിഷ്കരിച്ച് ഡി.ഡി.എഫ്.എസ്, ഇ-ഓഫീസ് തുടങ്ങിയ ശാസ്ത്രീയ സംവിധാനങ്ങൾ മുഖേന അപേക്ഷകളും ഫയലുകളും സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്. പരാതിക്കാർക്ക് ഫയൽ മൂവ്മെന്റ് മനസ്സിലാക്കുന്നതിനായി 'ഐഡിയാസ്' എന്ന സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. എം.എൽ.എ.-മാർ സർക്കാരിന് സമർപ്പിക്കുന്ന ഏതെങ്കിലും പരാതിക്ക് കൃത്യമായി മറുപടി ലഭിച്ചിട്ടില്ലെന്നുള്ള വിവരം ചൂണ്ടിക്കാണിച്ചാൽ അക്കാര്യം ഗൗരവമായിട്ടെടുക്കുന്നതാണ്. എല്ലാ ജില്ലകളും ഇ-ഡിസ്ട്രിക്ട് ആക്കിയിട്ടുള്ള ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണ്. റവന്യൂ ഡിപ്പാർട്ടുമെന്റിൽ നിന്ന് ഇപ്പോൾ 23 സർട്ടിഫിക്കറ്റുകൾ

ഓൺലൈൻ ആയി നൽകിവരുന്നുണ്ട്. പൊതുഭരണ നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിലേക്കായി സർക്കാർ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് മുഖേന വിവിധ വിഭാഗങ്ങളിലുള്ള ഉദ്യോഗ സ്ഥർക്ക് ആവശ്യമായ പരിശീലനം കാലാകാലങ്ങളിൽ നൽകിവരുന്നുണ്ട്. അഴിമതി വെളിച്ചത്തുകൊണ്ടുവരാൻ സഹായിക്കുന്നവർക്ക് സംരക്ഷണവും റിവാർഡും നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനായി 'വിസിൽ ബ്ലോവർ പ്രൊട്ടക്ഷൻ പോളിസി' എന്ന പേരിൽ സർക്കാർ നിയോ ഗിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചുവരികയാണ്. മൂന്നാം ഭരണപരിഷ്കാര കമ്മീഷന്റെ 9, 14, 15 റിപ്പോർട്ടുകളിലെ ശുപാർശകൾ ഇനിയും നടപ്പാക്കാനുണ്ടെന്നും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വകുപ്പ് തലവന്മാരുടെ ഭരണപരവും ധനപരവുമായ അധികാര ങ്ങൾ ഉയർത്തി ഡെലിഗേഷൻ ഓഫ് പവ്വേഴ്സ് വർദ്ധിപ്പിച്ചിട്ടുണ്ടെന്നും നില വിലുള്ള ചട്ടങ്ങളിലും നിയമങ്ങളിലും ആവശ്യമായ മാറ്റങ്ങളും തിരുത്തലു കളും വരുത്തുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ജനസമ്പർക്ക പരിപാടിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ഉത്തരവുകളിൽ വരു ത്തിയ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 'ജനപക്ഷം' എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും ജനസമ്പർക്ക പരിപാടിയിലൂടെ ലഭിച്ച 5,00,000-ലേറെ അപേക്ഷകളിൽ 1,22,000-ത്തോളം അപേക്ഷകൾ ഒഴികെയു ള്ളവയ്ക്കുമേൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടെന്നും നിരന്തരം അപകടങ്ങ ളുണ്ടാകാറുള്ള കുന്നംകുളം-ഗുരുവായൂർ റൂട്ടിലെ പൈപ്പ് ലൈൻ മാറ്റുന്നതി നാവശ്യമായ നിർദ്ദേശം നൽകുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടി യായി മുഖ്യമന്ത്രി അറിയിച്ചു.

2 (*2) <u>സമഗ്ര മദ്യനയം</u>

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് സമഗ്ര മദ്യനയം രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി റിട്ട. ഹൈക്കോടതി ജഡ്ജി ശ്രീ. എം. രാമചന്ദ്രനെ എകാംഗ കമ്മീഷനായി നിയമിച്ച് 23-01-2013-ൽ ഉത്തരവായിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. മദ്യവിമുക്ത കേരളം എന്ന ആത്യന്തിക ലക്ഷ്യം നേടുന്നതിനായി സമഗ്രമായ ഒരു മദ്യ നയം രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ/മാനദണ്ഡങ്ങൾ നിർദ്ദേശിക്കുക, മദ്യത്തിന്റെ ഉപഭോഗവും ലഭ്യതയും കുറയ്ക്കുന്നതിനായി ബാർ ഹോട്ടലുകൾ തമ്മിലുള്ള അകലവും അവയുടെ പ്രവർത്തന സമയവും സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുക, വിദേശ മദ്യ ചട്ടപ്രകാരം നിലവിൽ നൽകിയിട്ടുള്ള FL3 ലൈസൻസുകൾ പുന:പരിശോധിക്കുന്നതും, വിനോദ സഞ്ചാര മേഖലയുടെ പ്രോത്സാഹനത്തിനായി FL3 ലൈസൻസുകൾ നൽകുന്നതും സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുക, 2 സ്റ്റാർ ക്ലാസിഫിക്കേഷൻ ഇല്ലാതെ നിലവിൽ പ്രവർത്തിക്കുന്ന ബാർ ഹോട്ടലുകളുടെ FL3 ലൈസൻസുകൾ പുതുക്കുന്ന കാര്യം പുന:പരിശോധിക്കേണ്ടതുണ്ടോയെന്നത് സംബന്ധിച്ചും മദ്യനയത്തിന് അനുസൃതമായി നിലവിലെ അബ്കാരി ആക്ട്/റൂൾ പുന:പരിശോധിക്കുന്നത് സംബന്ധിച്ചുമുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ എന്നിവയിൽ നിന്നും ബാർ ഹോട്ടലുകളിലേക്കുള്ള ദൂരം അളക്കുന്നതിന്

നിലവിൽ സ്വീകരിച്ചുവരുന്ന പ്രക്രിയ വസ്തുനിഷ്ഠമാക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കുക, വീര്യം കുറഞ്ഞ മദ്യം വിപണിയിൽ എത്തിക്കുന്നത് സംബന്ധിച്ചും നിലവിൽ കള്ളുഷാപ്പുകൾ ഏറ്റെടുക്കാൻ ആളില്ലാത്ത ജില്ലകളിൽ നാളികേര കർഷകരുടെ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ നീരയുടെ ഉല്പാദനത്തിനുള്ള സാധ്യതകൾ സംബന്ധിച്ചും നിർദ്ദേശം സമർപ്പിക്കുക, മദ്യവിതരണത്തിന് നിലവിൽ ഉപയോഗിച്ചുവരുന്ന പ്ലാസ്റ്റിക് കുപ്പികൾക്ക് പകരം പരിസ്ഥിതി സൗഹൃദമായ ഗ്ലാസ് കുപ്പികൾ ഉപയോഗിക്കേണ്ടതുണ്ടോയെന്നത് സംബന്ധിച്ച നിർദ്ദേശം സമർപ്പിക്കുക തുടങ്ങിയവ ഏകാംഗ കമ്മീഷന്റെ പഠന വിഷയങ്ങളായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. കമ്മീഷന്റെ റിപ്പോർട്ട് ലഭ്യമായശേഷം ആയത് സർക്കാർ വിശദമായി പരിശോധിച്ച് സമഗ്രമായ മദ്യനയം രൂപീകരിക്കുന്നതാണ്. മദ്യവിരുദ്ധ ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി സ്കൂൾ തലത്തിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ധനസഹായം നൽകിവരുന്നുണ്ട്. ലഹരിവിരുദ്ധ സന്ദേശം സ്കൂൾ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിന് അദ്ധ്യാപകർക്കുവേണ്ടി 'അതിജീവനം' എന്ന പേരിൽ ഒരു കൈപ്പുസ്തകം എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയിട്ടുണ്ട്. ബോധവൽക്കരണ സന്ദേശം വിദ്യാർത്ഥികൾക്ക് പകർന്നുനൽകുന്നതിനായി പാഠ്യപദ്ധതിയിൽ ഇത് ഉൾപ്പെടുത്താൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്. നാഷണൽ സർവ്വീസ് സ്കീമിന്റെ സഹകരണത്തോടെ കോളേജുതലത്തിൽ ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്. കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ തുടങ്ങിയ സന്നദ്ധ സംഘടനകളുമായി സഹകരിച്ചുകൊണ്ടും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. സുപ്രസിദ്ധ മജീഷ്യൻ ശ്രീ. ഗോപിനാഥ് മുതുകാടുമായി സഹകരിച്ചു

കൊണ്ട് 'മാജിക് വിത്ത് എ മിഷൻ' എന്ന പരിപാടി സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്നു. മദ്യവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകുന്നതിന്റെ ഭാഗമായി ഏറ്റവും നല്ല വ്യക്തി/സന്നദ്ധ സംഘടന/ലഹരി വിരുദ്ധ ക്ലബ്ബ് തുടങ്ങിയവയ്ക്ക് കഴിഞ്ഞ വർഷം മുതൽ അവാർഡ് നൽകിവരുന്നുണ്ട്. ബോധവൽക്കരണത്തിന്റെ ഫലമായി മദ്യ വിൽപ്പനയുടെ വർദ്ധനവിന്റെ തോതിൽ കുറവ് വരുകയും ടാക്സ് കളക്ഷനിൽ നെഗറ്റീവ് ഗ്രോത്ത് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 62 ബാർ ലൈസൻസുകൾ അനുവദിച്ചെങ്കിലും തദ്ദേശ ഭരണ സ്ഥാപനങ്ങൾ അനുമതി നൽകാത്തതിനാൽ രണ്ടെണ്ണത്തിന് ലൈസൻസ് ഇഷ്യു ചെയ്തിട്ടില്ല. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ 14 എണ്ണത്തിന് ലൈസൻസ് നൽകിയിട്ടുണ്ട്. നീരയുടെ ഉല്പാദനവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് രൂപീകരിച്ച പത്തംഗ കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്നും ചെത്തുതൊഴിലാളികളുടെ താല്പര്യം കൂടി സംരക്ഷിച്ചുകൊണ്ട് ഒരുമാസത്തിനുള്ളിൽ തീരുമാനമെടുക്കുമെന്നും ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

3 (*3) <u>പോലീസ് ഫോൺ ചോർത്തുന്നത് സംബന്ധിച്ച ആക്ഷേപങ്ങൾ</u>

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, രാജ്യത്തിന്റെ പരമാധികാരം, അഖണ്ഡത, ആഭ്യന്തര സുരക്ഷ, കുറ്റകൃത്യങ്ങൾ തടയൽ, പബ്ലിക് ഓർഡർ മുതലായ കാര്യങ്ങൾ പരിഗണിച്ച് ഒരു വ്യക്തിയുടെ മൗലികസ്വാതന്ത്ര്യത്തിന്മേൽ ന്യായമായ നിയന്ത്രണങ്ങൾ (Reasonable restrictions) ഏർപ്പെടുത്തുന്നതിനുള്ള ഭരണഘടനാവ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ 1885-ലെ ഇന്ത്യൻ ടെല

ഗ്രാഫ് ആക്ടിലെ വകുപ്പ് 5(2), 2000–ലെ ഇൻഫർമേഷൻ ടെക്നോളജി ആക്ടിലെ വകുപ്പ് 69 എന്നിവയിലെയും ബന്ധപ്പെട്ട ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് ടെലഫോണുകൾ നിരീക്ഷണത്തിൽ വയ്ക്കുന്നതിന് അനുമതി നൽകുന്നതെന്ന് സഭയെ അറിയിച്ചു. സാധാരണഗതിയിൽ intercept ചെയ്യേണ്ട കാറ്റഗറിയിൽപ്പെട്ട ആളുകളുടെ ഫോൺ കോളുകൾ നിരീക്ഷിക്കാതിരിക്കാൻ നിവൃത്തിയില്ലാത്തതിനാലും നിയമാനുസൃതമായി മാത്രം അനുമതി നൽകുന്നതിനാലും ടെലിഫോണുകൾ നിരീക്ഷണത്തിൽ വയ്ക്കുന്നതുസംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണത്തിന്റെ ആവശ്യമില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ജനപ്രതിനിധികളുടെയും രാഷ്ട്രീയ പാർട്ടി നേതാക്കളുടെയും മറ്റും ഫോൺ ചോർത്തുന്നതായ ആക്ഷേപം അടിസ്ഥാനരഹിതമാണ്; അത്തരത്തിലുള്ള interception നടക്കുന്നില്ല. ഇക്കാര്യത്തിൽ പരാതിയുണ്ടെങ്കിൽ ഉന്നത പോലീസ് ഉദ്യോഗസ്ഥരെക്കൊണ്ട് അന്വേഷിപ്പിക്കുമെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1 മുതൽ 311 വരെയുള്ള ചോദ്യങ്ങളിൽ 164 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)